# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.840 — 01.03.2017-ൽ മറുപടിയ്ക്ക്

## സാംസ്കാരിക ക്ഷേമനിധി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. എം. രാജഗോപാലൻ:** | **ശ്രീ.എ.കെ. ബാലൻ**<br>**പട്ടിക ജാതി പട്ടികവർഗ്ഗ**<br>**പിന്നോക്ക സമുദായ ക്ഷേമവും നിയമവും**<br>**സാംസ്കാരികവുംപാർലമെന്ററികാര്യവും വകുപ്പ് മന്ത്രി** |
| (എ) സാംസ്കാരിക ക്ഷേമനിധിയിൽ പന്തൽ അലങ്കാരം, ലൈറ്റ് & സൗണ്ട്സ് എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നവരെക്കൂടി ഉൾപ്പെടുത്തുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) 2010 ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ടിലെ വകുപ്പ് '2 ഡി' യിൽ പന്തൽ അലങ്കാരം, ലൈറ്റ് & സൗണ്ട് എന്നീ വിഭാഗങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ആക്ടിലെ വകുപ്പ് '2 ഡി' യിൽ ഉൾപ്പെട്ട എല്ലാ കലാവിഭാഗങ്ങൾക്കും ക്ഷേമനിധി ബോർഡിൽ അംഗത്വം നൽകണമെന്ന് ക്ഷേമനിധി ബോർഡിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ഇവരെ അംഗങ്ങളാക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**